# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

# തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരളം

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക്  - പാറശ്ശാല

ഗ്രാമപഞ്ചായത്ത്- കാരോട്

വാർഡ്-വടക്കേപ്പുതുവീട്(1)

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതിയാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ തൊഴിലില്ലായ്മ വേതനത്തിനു അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ

വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനമൊ ഉറപ്പായും ഉറപ്പുവരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 ആം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര്യ ലഘൂകരണത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത്പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായ ജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു.

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമസ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരുപ്പട്ടി നിർമ്മാണത്തിൽ തുടങ്ങി ആധുനിക

വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## കാരോട് പഞ്ചായത്ത്

കേരള സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തായി തമിഴ്നാടിനോട് അതിർത്തി പങ്കുവയ്ക്കുന്ന പഞ്ചായത്താണ് കാരോട്. അറബിക്കടലിനോട് ചേർന്നുകിടക്കുന്നതും എന്നാൽ കടൽത്തീരമില്ലാത്തതുമായ പഞ്ചായത്ത്. കൃഷിയാൺ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം. സമതലങ്ങളും കുന്നുകളും അടങ്ങിയ പ്രദേശം. ജലസ്രോതസ്സുകളായ 42 കുളങ്ങൾ 11 പ്രധാന തോടുകൾ നെയ്യാർ ചാനൽ വഴി ലഭിക്കുന്ന ജലം എന്നിവ കാർഷിക ജലസേചനത്തിനു സൌകര്യമൊരുക്കുന്നു. റബ്ബർ കൂടുതൽ സ്ഥലങ്ങളിൽ കൃഷിചെയ്തുകാണുന്നു. കാരോട് പഞ്ചായത്തിലെ കാക്കവിള, പുതുശ്ശേരി വാർഡുകളിൽ മത്സ്യതൊഴിലാളികൾ താമസിക്കുന്നു.

### അടിസ്ഥാന വിവരങ്ങൾ

വില്ലേജ് - കാരോട്

താലൂക്ക് - നെയ്യാറ്റിൻകര

വിസ്തീർണ്ണം - 15.67 ച. കി.മി

ജനസംഖ്യ -32090

വാർഡുകളുടെ എണ്ണം -19

### അതിരുകൾ

കിഴക്ക് - പാറശ്ശാല പഞ്ചായത്ത്

പടിഞ്ഞാറ് - കുളത്തൂർ ഗ്രാമപഞ്ചായത്ത്

തെക്ക് - തമിഴ്നാട് പൊഴിയൂർ കടലോരം

വടക്ക് - ചെങ്കൽ ഗ്രാമപഞ്ചായത്ത്

## രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സണിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ്പേഴ്സൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ കാരോട് ഗ്രാമപഞ്ചായത്ത് വാർഡ് 1 ൽ (വടക്കേപ്പുതുവീട്) സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തിയത്.

**ആദ്യഘട്ടം:**

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഈ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 1 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

**രണ്ടാം ഘട്ടം:**

2018 ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

**മൂന്നാം ഘട്ടം:**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

**നാലാം ഘട്ടം:**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**അഞ്ചാം ഘട്ടം:**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

**<u>സോഷ്യൽ ഓഡിറ്റ്</u>**

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകളാണ്.

ഗ്രാമസഭകളാണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ
5. സാധന രജിസ്റ്റർ
6. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ
7. പരാതി രജിസ്റ്റർ

**<u>7 രെജിസ്റ്റെഴ്സ് പരിശോധന വിശദാംശങ്ങൾ</u>**

1. **JOB CARD REGISTER (തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ)**

➢ 246 തൊഴിലാളികളുടെ വിശദാംശങ്ങൾ രേഖപെടുത്തിയിട്ടുണ്ട്

2. **GRAMASABHA REGISTER (ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ)**

➢ 10 ഗ്രാമസഭകളുടെ മിനിട്ട്സുകൾ ഉണ്ടായിരുന്നു.

➢ 26/12/18 ന് കൂടിയ ഗ്രാമസഭ മിനിട്ട്സ് പൂർണ്ണമല്ല. 123 പേർ ഒപ്പ് രെഖപ്പെടുത്തിയിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ ഇല്ല

➢ ഇതിനുശേഷം കൂടിയിരിക്കുന്ന ഗ്രാമസഭായോഗം 02/10/17 ന് നടന്നതയാണ് മിനിട്ട്സ് രേഖപ്പെടുത്തിയിരിക്കുന്നത്

➢ ജലസഭായൊഗം കൂടിയതായി രേഖപ്പെടുത്തിക്കാണുന്ന മിനിട്ട്സിനു ശേഷം നടന്നിരിക്കുന്ന ഗ്രാമസഭായൊഗം 26/12/18 ന് നടന്നതായി രേഖപ്പെടുത്തിക്കാണുന്നു

➢ 2019-20 സാമ്പത്തികവർഷത്തിൽ ഗ്രാമസഭായോഗങ്ങൾ നടന്നതായുള്ള റിപ്പോർട്ടുകളില്ല

➢ ഗ്രാമസഭ രജിസ്റ്ററിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ എഴുതിയിട്ടുണ്ട്. എന്നാൽ ഇതിൽ റിപ്പോർട്ടുകൾ ആവർത്തന സ്വഭാവം ഉള്ളവയാണ്.

3. **DEMAND REGISTER, PAYMENT OF ALLOCATION OF WORK(തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ)**

➢ ആവശ്യമായ രേഖപ്പെടുത്തലുകൾ ഉണ്ട്

4. **WORK REGISTER (പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ)**

➢ 354 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

5. **MATERIAL REGISTER ( സാധന രജിസ്റ്റർ )**

➢ 61 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

➢ വ്യക്തമായ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലുകളും ഉണ്ട്.

6. **FIXED ASSET REGISTER ( സ്ഥിതി ആസ്തികളുടെ രജിസ്റ്റർ )**

➢ 202 പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ട്.

- ക്രമനമ്പറുകൾ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ഇല്ല.

## 7. COMPLAINT REGISTER ( പരാതി രജിസ്റ്റർ )

- 5 പരാതികളുടെ വിശദാംശങ്ങൾ ഉണ്ട്
- 04/01/19 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള പരാതിയിന്മേൽ 12/01/19 പരിഹാര നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. രേഖപ്പെടുത്തലുകൾ പൂർണ്ണമാണ്.

**കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്**

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി
5) ഭരണാനുമതിയുടെ കോപ്പി
6) സങ്കേതികാനുമതിയുടെ കോപ്പി
7) സംയോജിത പദ്ധതി വിശദാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
10) പൂരിപ്പിച്ച മസ്റ്ററോൾ കോപ്പി
11) മെഷർമെൻറ് ബുക്കിന്റെ കോപ്പി
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി
13) വേജ് ലിസ്റ്റ്
14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി

15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

16) റോയലിറ്റി അടച്ചതിന്റെ  രസീതിന്റെ കോപ്പി

17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ

18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ  കോപ്പി

19) മസ്ട്രോൾ മൂവ്മെൻറ് സ്ലിപ്പ്

20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ

21) സോഷ്യൽ  ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി

22) സൈറ്റ്  ഡയറി

# ലൈഫ് ഭവന നിർമ്മാണ പദ്ധതി- 14 വീടുകൾ

## ഫയൽ പരിശോധന വിശദംശങ്ങൾ

- VEO യുടെ റിപ്പോർട്ട്, ഫോട്ടോകൾ, Wage List, FTO എന്നീ രേഖകളാണ് പ്രവർത്തിയുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്നത്
- ഒന്നാം വാർഡ് മുതൽ പത്താം വാർഡ് വരെയുള്ള പ്രവർത്തികൾക്ക് ഒരു മെഷർമെന്റ് ബുക്കാണ് ഉപയോഗിക്കുന്നത്
- മെഷർമെന്റ് ബുക്കിൽ എഴ് പേർക്ക് 28 ദിവസത്തെ തുക അനുവദിച്ചതായി കാണിച്ചിരിക്കുന്നു. എന്നാൽ തുക 7224 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തുക 7558 ആണ്
- മസ്ട്രോളിൽ രേഖപ്പെടുത്തലുകൾ പൂർണമല്ല
- ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ് എന്നിവയുണ്ട് സാക്ഷ്യപ്പെടുത്തലുകൾ ഇല്ല

## ഫീൽഡ് പരിശോധന വിശദംശങ്ങൾ

- 14 ദിവസം മുതൽ 52 ദിവസം വരെയുള്ള മസ്ട്രോളുകൾ നൽകിയിട്ടുണ്ട് എന്നാൽ ഗുണഭോക്താക്കളിൽ ഏറിയപങ്കും എത്ര മസ്ട്രോളുകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയാത്തവരാണ്

- നാല് വീടുകൾ ഒഴികെയുള്ളവ ഏറെക്കുറെ പൂർത്തിയായ വീടുകളാണ്
- ശ്രീകണ്ഠൻ നായർ ഇന്ദു എസ് നായർ മസ്ട്രോളുകൾ ലഭിച്ചിട്ടില്ല

# പ്രവർത്തികളുടെ വിശദംശങ്ങളിലേക്ക്

**ഫയൽ പരിശോധന വിശദംശങ്ങൾ**

- കവർ പേജ് ഉണ്ടായിരുന്നു എന്നാൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല
- ചെക്ക് ലിസ്റ്റിൽ പേജ് നമ്പർ ഇട്ടിട്ടില്ല
- ആക്ഷൻ പ്ലാൻ കോപ്പി, ഭരണാനുമതി, സാങ്കേതികാനുമതി, സാങ്കേതികാനുമതി റിപ്പോർട്ട് എന്നിവ ഉണ്ടായിരുന്നു. ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ട്
- വിശദമായ എസ്റ്റിമേറ്റ് ഉണ്ടായിരുന്നു
- ഡിമാൻഡ് ആപ്ലിക്കേഷൻ ഫോം ഉണ്ടായിരുന്നു. അതിൽ തൊഴിൽ കാർഡ് നമ്പർ, ഒപ്പ് എന്നിവയും ഉണ്ടായിരുന്നു
- തൊഴിൽദിനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്
- Wage List, FTO ഉണ്ടായിരുന്നു
- പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രത്തിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല
- മസ്ട്രോൾ മൂവ്മെന്റ് സ്ലിപ്പ് പൂർണ്ണമല്ല
- സൈറ്റ് ഡയറിയിൽ ചെക്ക് ലിസ്റ്റ്, തൊഴിലുപകരണങ്ങളുടെ വാടക, തൊഴിലാളികളുടെ സാക്ഷ്യപത്രം, സന്ദർശന കുറിപ്പ് എന്നിവയിലെ രേഖപ്പെടുത്തലുകൾ തൃപ്തികരമാണ്. വിജിലൻസ് കമ്മിറ്റി അംഗങ്ങളായി എ ഡി എസ്/സി ഡി എസ് അംഗങ്ങളായ ഏഴ് പേരാണ് ഉൾപ്പെട്ടിരിക്കുന്നത്

- മെഷർമെന്റ് ബുക്ക് സർട്ടിഫൈ ചെയ്തിട്ടുണ്ട് ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ട്
- പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ
    - ➔ LD/321624- ഉണ്ട്
    - ➔ LD/321625- ഇല്ല
    - ➔ LD/321626- ഉണ്ട്
    - ➔ WC/342250- ഉണ്ട്
    - ➔ WC/342249- ഉണ്ട്
    - ➔ WC/218000- ഉണ്ട്
    - ➔ WH/299712- ഇല്ല
- തൊഴിലാളികൾ തുടർച്ചയായി ഹാജരായിട്ടില്ല
    - ➔ LD/321624 - 11 പേർ
    - ➔ LD/321625- 11 പേർ
    - ➔ LD/321626- 16 പേർ
    - ➔ WC/342250- 10 പേർ
    - ➔ WC/342249- 14 പേർ
    - ➔ IC/217999- 4 പേർ
    - ➔ WC/218000- 21 പേർ
    - ➔ WH/299712- 35 പേർ
- മസ്ട്രോളിൽ വെട്ടിതിരുത്തലുകളുണ്ട്
    - ➔ LD/321624- 13 എണ്ണം
    - ➔ LD/321625- 35 എണ്ണം
    - ➔ LD/321626- 12 എണ്ണം
    - ➔ WC/342250- 13 എണ്ണം
    - ➔ WC/218000- 50 എണ്ണം
    - ➔ WH/299712- 229 എണ്ണം
- പ്രിന്റിംഗ് ഡേറ്റ് പ്രവർത്തി ആരംഭിച്ചിട്ടുണ്ട്
    - ➔ LD/321624
- ഒപ്പിനുമേൽ ആബ്സന്റ്
    - ➔ WC/342250- 3 പേർ
    - ➔ WC/342249
    - ➔ WC/218000

# ഫീൽഡ് പരിശോധന വിശദംശങ്ങൾ

| Sl. No | പ്രവർത്തിയുടെ പേര് | വർക്ക് കോഡ് | മെഷർമെന്റ് ബുക്കിലുള്ളത് | ഫീൽഡിൽ കണ്ടത് | ധനവിനിയോഗം | CIB |
|---|---|---|---|---|---|---|
| 1 | മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | LD/321624 | വാഴക്കുഴി- 690, തെങ്ങിൻ കുഴി- 410, മഴക്കുഴി-17 | 360 വാഴക്കുഴി, 123 തെങ്ങിൻ കുഴി, 5 മഴക്കുഴി | പ്രവർത്തി വിലയിരുത്താൻ സാധിച്ചു | ഉണ്ട്. ഫയലിൽ പറഞ്ഞിരിക്കുന്നിടത്തല്ല സ്ഥാപിച്ചിരിക്കുന്നത്. വർക്ക് കോഡ് തെറ്റ്. |
| 2 | മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | LD/321625 | 710 വാഴക്കുഴി, 466 തെങ്ങിൻ കുഴി, 46 മഴക്കുഴി, 5 വളക്കുഴി, 3 പെർക്കുലേഷൻ ടാങ്ക് | 341 വാഴക്കുഴി, 258 തെങ്ങിൻ കുഴി, 25 മഴക്കുഴി, 2 വളക്കുഴി, 3 പെർക്കുലേഷൻ ടാങ്ക് | 40049 രൂപ ധനനഷ്ടം കണക്കാക്കുന്നു | ഉണ്ട്. ഫയലിൽ പറഞ്ഞിരിക്കുന്നിടത്തല്ല സ്ഥാപിച്ചിരിക്കുന്നത് |
| 3 | മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | LD/321626 | 690 വാഴക്കുഴി, 390 തെങ്ങിൻ കുഴി, 10 മഴക്കുഴി, 5 വളക്കുഴി | 279 വാഴക്കുഴി, 84 തെങ്ങിൻ കുഴി, 4 മഴക്കുഴി, 5 വളക്കുഴി | 31788 രൂപ ധനനഷ്ടം കണക്കാക്കുന്നു | ഉണ്ട് |
| 4 | മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | WC/342250 | 1230 വാഴക്കുഴി, 420 തെങ്ങിൻ കുഴി, 18 മഴക്കുഴി, 2 വളക്കുഴി | 494 വാഴക്കുഴി, 274 തെങ്ങിൻ കുഴി, 8 മഴക്കുഴി, 1 വളക്കുഴി | 40746 രൂപ ധനനഷ്ടം കണക്കാക്കുന്നു | ഉണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| 5 | മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | WC/342249 | 890 വാഴക്കുഴി, 410 തെങ്ങിൻ കുഴി, 19 മഴക്കുഴി, 2 വളക്കുഴി | 368 വാഴക്കുഴി, 204 തെങ്ങിൻ കുഴി, 9 മഴക്കുഴി, 2 വളക്കുഴി | 37204 രൂപ ധനനഷ്ടം കണക്കാക്കുന്നു | ഉണ്ട് |
| 6 | ചെറു മൺകര വിള-പനച്ചപ്പറമ്പ് ചാനൽ പുനരുദ്ധാരണം | IC/217999 | 780 മീറ്റർ | പറഞ്ഞിരിക്കുന്ന അളവിൽ തന്നെ പ്രവർത്തി നടപ്പിലക്കിയിട്ടുണ്ട് | 8943 രൂപ ധനനഷ്ടം കണക്കാക്കുന്നു( വെള്ളത്തിൽ നിന്നും ചെളികോരി മാറ്റൽ ) | ഉണ്ട് |
| 7 | പ്ലാമൂട്ടുകട കാക്കവിള ചാനൽ പുനരുദ്ധാരണം | IC/218000 | 860 മീറ്റർ | പറഞ്ഞിരിക്കുന്ന അളവിൽ തന്നെ പ്രവർത്തി നടപ്പിലക്കിയിട്ടുണ്ട് | 14905 രൂപ ധനനഷ്ടം കണക്കാക്കുന്നു( വെള്ളത്തിൽ നിന്നും ചെളികോരി മാറ്റൽ ) | ഉണ്ട് |
| 8 | കാവിൻ കുളം പുനരുദ്ധാരണം | WH/299712 | 11 സ്റ്റെപ്പുകളുടെ റിപ്പെയറിങ്ങ്, 1 പാരപ്പെറ്റ് നിർമ്മാണം, 94.9 മീ * 50 സെ.മീ വീതിയുള്ള സൈഡ് വാൾ, 80.5 മീറ്റർ ബെൽറ്റ് കോണ്ക്രീറ്റ് | 7 സ്റ്റെപ്പുകളുടെ റിപ്പെയറിങ്ങ്, 1 പാരപ്പെറ്റ് നിർമ്മാണം, 96 മീ * 50 സെ.മീ വീതിയുള്ള സൈഡ് വാൾ, 82 മീറ്റർ ബെൽറ്റ് കോണ്ക്രീറ്റ് | പ്രവർത്തി വിലയിരുത്താൻ സാധിച്ചു | ഉണ്ട് |
| പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികളി ൽ പ്രത്യക്ഷത്തിൽ 210281/- രൂപയുടെ ധനനഷ്ടം കണക്കാക്കപ്പെടുന്നു. ഇത് പരിഗണിക്കപ്പെടേണ്ടതാണ് | | | | | | |

**പൊതുവായ കണ്ടെത്തലുകൾ**

- കവർ പേജ്, ചെക്ക് ലിസ്റ്റ് മുതലായ രേഖകൾ ഉണ്ടെങ്കിലും രേഖപ്പെടുത്തലികൾ പൂർണ്ണമല്ല
- ആക്ഷൻ പ്ലാൻ കോപ്പി, ഭരണാനുമതി, സങ്കേതികാനുമതി, സാങ്കേതികാനുമതി റിപ്പോർട്ട് എന്നിവ എല്ലാ ഫയലിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- പരിശോധിച്ച മസ്ട്രോളുകളിൽ ഒന്നിലും തന്നെ പരിശോധന ഉദ്ദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല
- മണ്ണ് ജല സംരക്ഷണ പ്രവർത്തിയുമായി ബന്ധപ്പെട്ട് 2 പ്രവർത്തികളിൽ LD/321625, WC/342250 7 പ്രവർത്തി സ്ഥലങ്ങൾ ഒരേ ഭൂവുടമകളുടേത്താണ്.
- മേൽപ്പറഞ്ഞ ആദ്യപ്രവർത്തി 15/11/18 ലും രണ്ടാമത്തെ പ്രവർത്തി 9/03/19 ലുമാണ് ആരംഭിച്ചിരിക്കുന്നത്. ഇത് അനുവദനീയമല്ല
- തോട്, കുളം എന്നിവയിലെ പുനരുദ്ധാരണ പ്രവർത്തികളിൽ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷ സംവിധാനങ്ങൾ ലഭിക്കുന്നില്ല
- തൊഴിലിടങ്ങളിൽ ലഭിക്കേണ്ടതായ തണൽ, പ്രഥമ ശുശ്രൂഷാകിറ്റ് എന്നിവയ്ക്കാവശ്യമായ തുക ലഭ്യമാകുന്നില്ല എന്ന ആക്ഷേപവും നിലനിൽക്കുന്നുണ്ട്.
- പരിശോധനയ്ക്ക് വിധേയമാക്കിയ പ്രവർത്തികളിൽ പ്രത്യക്ഷത്തിൽ 210281/- രൂപയുടെ ധനനഷ്ടം കണക്കാക്കപ്പെടുന്നു. ഇത് പരിഗണിക്കപ്പെടേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

- ഭൂവുടമകളെ പ്രവർത്തികൾ ബോധ്യപ്പെടുത്തേണ്ടതാണ്.
- ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ഉണ്ടാക്കേണ്ടത് അനിവാര്യമാൺ.
- തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.
- കരം തീർത്ത രസീതുകൾ ശരിയാംവണ്ണം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
- നിലവാരമുള്ള പ്രവർത്തികൾ ഏറ്റെടുക്കുകയും കൃത്യതയോടെ പ്രവർത്തികൾ പ്രാവർത്തികമാക്കുവാൻ ശ്രമിക്കേണ്ടതുമാണ്.
- രേഖകളിൽ സാക്ഷ്യപ്പെടുത്തലുകൾ അനിവാര്യമാണ്.
- മസ്ട്രോളിൽ പരിശോധന ഉദ്യോഗസ്ഥൻ നിർബന്ധമായും സക്ഷ്യപ്പെടുത്തേണ്ടതാണ്.

റിപ്പോർട്ട് തയ്യാറാക്കിയത്,
BRP അനുശ്രീ